# അന്താരാഷ്ട്ര ഇസ്‌ലാമിക് ഫിനാൻസ് സെമിനാർ കൊച്ചിയിൽ

**കൊച്ചി:** രാജ്യത്തെ ആദ്യ അന്താരാഷ്ട്ര ഇസ്‌ലാമിക് ഫിനാൻസ് സെമിനാർ ഒക്ടോബർ 4,5,6 തീയതികളിൽ കൊച്ചിയിൽ നടക്കും. ജിദ്ദയിലെ ഇസ്‌ലാമിക് ഡവലപ്മെന്റ് ബാങ്കിന്റെ അനുബന്ധ സ്ഥാപനമായ ഇസ്‌ലാമിക് റിസർച്ച് ആന്റ് ട്രെയ്നിംഗ് ഇൻസ്റ്റിറ്റ്യൂട്ടും ശാന്തപുരം അൽജാമിഅ അൽഇസ്‌ലാമിയയും സംയുക്തമായാണ് സെമിനാർ സംഘടിപ്പിക്കുന്നത്.

'ഇസ്‌ലാമിക് ഫിനാൻസ് ഇന്ത്യയിൽ: ഉൽപന്നങ്ങൾ, സാധ്യതകൾ, നിയന്ത്രണരീതികൾ' എന്നാണ് സെമിനാറിന്റെ തലക്കെട്ട്. അന്താരാഷ്ട്ര-ദേശീയ തലത്തിൽ നിന്നുള്ള സാമ്പത്തികവിദഗ്ധരും ബാങ്കിംഗ് രംഗത്തെ പ്രമുഖരും പരിപാടിയിൽ സംബന്ധിക്കും. ഡോ. ഉമർ ചാപ്ര(സുഊദി അറേബ്യ), ഡോ. മുഹമ്മദ് ഉബൈദുല്ല(ഐ.ഡി.ബി), ഡോ. ഹബീബ് അഹ്മദ്(ബംഗ്ലാദേശ്), ഡോ മുൻദിർ കഹ്ഫ്(യു.എസ്.എ), ഡോ. നാസിം അലി(യു.എസ്.എ), ഡോ. അലി ഖുറദാഗി(ഖത്തർ), ഡോ. ഹുസൈൻ ഹാമിദ് ഹസൻ(ദുബൈ), ഡോ. നിസാം യാക്കൂബി(ബഹ്റൈൻ) തുടങ്ങിയ പ്രമുഖർ പങ്കെടുക്കും. ഇന്ത്യയിലെ ബാങ്കിംഗ് രംഗത്തെ വിദഗ്ധരും ബിസിനസ് രംഗത്തെ പ്രമുഖരും പരിപാടിയിൽ സംബന്ധിക്കും.

പ്രമുഖരടങ്ങുന്ന സ്വാഗതസംഘത്തിന് രൂപം നൽകിയിട്ടുണ്ട്. ജ. വി.ആർ കൃഷ്ണയ്യർ മുഖ്യ രക്ഷാധികാരിയും ഡോ. മുഹമ്മദാലി ഗൾഫാർ, പി.വി അബ്ദുൽ വഹാബ് എന്നിവർ രക്ഷാധികാരികളുമാണ്. എച്ച്. അബ്ദുർറഖീബ് ചെയർമാനും ഡോ. അബ്ദുസ്സലാം വാണിയമ്പലം ജനറൽ കൺവീനറുമായ കമ്മിറ്റിയിൽ എം.വൈ ഖാൻ, ജ. അബ്ദുൽ ഗഫൂർ, എം.ഡി നാലപ്പാട്ട്, ജ. പി.കെ ഷംസുദ്ദീൻ, എച്ച്.ഇ മുഹമ്മദ് ബാബു സേട്ട്, ടി. ബാലകൃഷ്ണൻ ഐ.എ.എസ്, തൊടിയൂർ മുഹമ്മദ് കുഞ്ഞ് മൗലവി, പ്രഫ. കെ.എ സിദ്ദീഖ് ഹസൻ, സി.പി കുഞ്ഞു മുഹമ്മദ്, പ്രഫ. എ.കെ അബ്ദുൽ ഹമീദ്, ബഹാവുദ്ദീൻ നദ്‌വി, കെ.കെ അബൂബക്കർ, എഫ്. ആർ ഫരീദി തുടങ്ങിയ പ്രമുഖർ അംഗങ്ങളാണ്. ■